**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 531** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ലഹരി വിരുദ്ധ ബോധവൽക്കരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വിഷ്ണു മോഹൻ

ശ്രീ. വി. കുഞ്ഞികൃഷ്ണൻ

ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നിന്നും ലഹരി മാഫിയയെ തുടച്ച് നീക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ലഹരി മാഫിയയുടെ വേരറുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന വ്യാപകമായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി 28.05.2026 മുതൽ "ഓപ്പറേഷൻ തണ്ടർ" എന്ന പേരിൽ തീവ്ര എൻ.ഡി.പി.എസ്. സ്പെഷ്യൽ ഡ്രൈവ് എക്സൈസ് വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഓപ്പറേഷൻ തണ്ടറിന്റെ ഭാഗമായി നടത്തിയ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഫലമായി 828 NDPS കേസുകൾ കണ്ടെടുക്കുകയും 763 പ്രതികളിൽ 732 പേരെ അറസ്റ്റ് ചെയ്യുകയും 607025 രൂപ തൊണ്ടിയായി കണ്ടെടുക്കുകയും 29 വാഹനങ്ങൾ സർക്കാരിലേക്ക് കണ്ട്കെട്ടുകയും ചെയ്തിട്ടുണ്ട്. കൂടാതെ 7.94 ഗ്രാം ബ്രൗൺ ഷുഗർ, 14 കഞ്ചാവ് ബീഡി, 3 കഞ്ചാവ് സിഗററ്റ്, 133.790 കി ഗ്രാം കഞ്ചാവ്, 190 കഞ്ചാവ് ചെടികൾ, 27 ഗ്രാം ഹാഷിഷ്, 48.773 ഗ്രാം ഹാഷിഷ് ഓയിൽ, 164.76 ഗ്രാം ഹെറോയിൻ, 7 ഗ്രാം ഹൈബ്രിഡ് കഞ്ചാവ്, 461.135 ഗ്രാം MDMA, 60.766 ഗ്രാം മെത്താംഫിറ്റാമിൻ, 14.42 ഗ്രാം നൈട്രോസെഫാം, 315 ഗ്രാം THC Candy, 36 e-cigaratte എന്നിവ കണ്ടെടുത്തിട്ടുണ്ട്.

പോലീസ്, റവന്യൂ, ആരോഗ്യം, വിദ്യാഭ്യാസം, വനം, റെയിൽവേ, കോസ്റ്റൽ പോലീസ്, മോട്ടോർ വാഹന വകുപ്പ്, തൊഴിൽ വകുപ്പ്, ഭക്ഷ്യസുരക്ഷ വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുമായി ചേർന്ന് എക്സൈസ് വകുപ്പ് സംയുക്ത പരിശോധനകളും പ്രത്യേക പരിശോധനാ ഡ്രൈവുകളും നടത്തി നിയമ ലംഘനങ്ങൾ കണ്ടെത്തി കേസുകൾ രജിസ്റ്റർ ചെയ്തുവരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി, എക്സൈസ് വകുപ്പ് മറ്റ് വകുപ്പുകളുമായി ചേർന്ന് 2021-ൽ 1237, 2022-ൽ 2790, 2023-ൽ 3529, 2024-ൽ 3951, 2025-ൽ 3972, 2026 ജൂൺ 16 വരെ 2409 സംയുക്ത പരിശോധനകൾ നടത്തിയിട്ടുണ്ട്.

ജില്ലാ തലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ NCORD (Narco Coordination Centre) യോഗങ്ങൾ ചേർന്ന് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ആവശ്യമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ജില്ലാ തലങ്ങളിൽ സ്ട്രൈക്കിംഗ് ഫോഴ്സ്, ഹൈവേ പട്രോൾ ടീമുകൾ എന്നിവ രൂപീകരിച്ച് 24 മണിക്കൂറും വാഹന പരിശോധനകൾ നടത്തി ലഹരി വസ്തുക്കളുടെ കടത്തും വിതരണവും തടഞ്ഞുവരുന്നു. സംസ്ഥാന തലത്തിൽ 24 മണിക്കൂറും

പ്രവർത്തിക്കുന്ന പരാതി പരിഹാര സെല്ലും ജില്ലാ തലങ്ങളിൽ കൺട്രോൾ റൂമുകളും പ്രവർത്തിപ്പിച്ച് പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുന്നു. 14 ജില്ലകളിലും മുഴുവൻ സമയവും പ്രവർത്തിക്കുന്ന എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി അതിർത്തി ചെക്ക് പോസ്റ്റുകളിൽ ശക്തമായ വാഹന പരിശോധനകളും നിരീക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിലെ ചെക്ക് പോസ്റ്റുകൾ ഇല്ലാത്ത അതിർത്തി പ്രദേശങ്ങളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (KEMU) നിരന്തര പരിശോധനകൾ നടത്തി വരുന്നു.

വാട്സ്ആപ്പ്, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സമൂഹമാധ്യമങ്ങളും ഡാർക്ക് വെബ് ഉൾപ്പെടെയുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകളും വഴി നടക്കുന്ന ലഹരി ഇടപാടുകൾ കണ്ടെത്തുന്നതിനായി എക്സൈസ് സൈബർ സെൽ ശക്തമായി പ്രവർത്തിച്ചുവരുന്നു. കൊറിയർ സർവീസുകൾ വഴിയുള്ള ലഹരിക്കടത്ത് തടയുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ പ്രത്യേക നിരീക്ഷണവും പരിശോധനയും നടത്തുന്നു. ലഹരി ഉപയോഗിച്ചതായി സംശയിക്കുന്നവരെ 'അബോൺ കിറ്റ്' ഉപയോഗിച്ച് പരിശോധിക്കുകയും ലഹരി ഉപയോഗം സ്ഥിരീകരിക്കപ്പെട്ടാൽ നിയമാനുസൃത നടപടി സ്വീകരിക്കുകയും ചെയ്ത് വരുന്നു. ലഹരി കേസുകളിൽ ഉൾപ്പെട്ട് പിടിയിലാകുന്നവരുടെ ഫോൺ നമ്പറുകളും മറ്റ് ഡിജിറ്റൽ വിവരങ്ങളും എക്സൈസ് സൈബർ സെല്ലിന്റെ സഹായത്തോടെ വിശകലനം ചെയ്ത് ലഹരി വിതരണ ശൃംഖല കണ്ടെത്തുന്നു.

എക്സൈസ് വകുപ്പിന് കീഴിൽ State Narcotics Control Bureau രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഉടൻ തന്നെ ആരംഭിക്കും.

ലഹരിക്കടിമപ്പെട്ടവർക്ക് ബോധവൽക്കരണം, കൗൺസിലിംഗ്, ഡീ-അഡിക്ഷൻ ചികിത്സ, പുനരധിവാസ സേവനങ്ങൾ, എന്നിവ നൽകാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ആരോഗ്യവകുപ്പുമായി സഹകരിച്ച് ലഹരി ക്കടിമപ്പെട്ടവർക്ക് ലഹരി മോചന ചികിത്സ നൽകുന്നതിന് 14 ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

സർക്കാരിന്റെ പ്രത്യേക കർമ്മ പദ്ധതിയുടെ ഭാഗമായി എക്സൈസ് വകുപ്പ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ബോധവത്കരണ പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, വലിയ അളവിൽ മയക്കുമരുന്ന് പിടികൂടുന്ന കേസുകളിൽ ശാസ്ത്രീയവും സമയബന്ധിതവുമായ അന്വേഷണം നടത്തി യഥാർത്ഥ പ്രതികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും അവർക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയുടെ അടിസ്ഥാന കാര്യങ്ങൾ വികസിപ്പിക്കുന്നതിനും, മയക്കുമരുന്ന് കടത്ത് തടയുന്നതിനുമായി പ്രധാന ചെക്ക് പോസ്റ്റുകളിൽ AI സാങ്കേതികവിദ്യയുള്ള സി.സി.ടി.വി. ക്യാമറകൾ, എക്സ്-റേ, ഗാമാ-റേ സ്കാനറുകൾ എന്നിവ സ്ഥാപിക്കുന്നതിനും പുതുതലമുറ ലഹരി വസ്തുക്കൾ ഉൾപ്പെടെ എല്ലാത്തരം ലഹരി വസ്തുക്കളും തിരിച്ചറിയാൻ കഴിയുന്ന ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ എല്ലാ എക്സൈസ് ഓഫീസുകളിലും ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

ലഹരി ഉപയോഗത്തിൽ നിന്ന് മുക്തി നേടിയവരെ സമൂഹത്തിന്റെ സ്വീകാര്യതയോടെ സാധാരണ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരുന്നതിനും അവരോടുള്ള സാമൂഹിക അവഗണനയും വിവേചനവും ഇല്ലാതാക്കുന്നതിനുമുള്ള പ്രത്യേക നടപടികൾ സർക്കാർ ആവിഷ്കരിച്ചു വരികയാണ്. ഇതിനായി ചികിത്സയും പുനരധിവാസവും തമ്മിൽ ഫലപ്രദമായ ഏകോപനം ഉറപ്പു വരുത്തുന്നതിനൊപ്പം, വിവിധ വകുപ്പുകളുടെ സഹകരണത്തോടെ കൗൺസിലിംഗ്, മാനസികാരോഗ്യ പിന്തുണ, തൊഴിൽ പരിശീലനം, ഉപജീവന മാർഗങ്ങൾ കണ്ടെത്തുന്നതിനുള്ള സഹായം, കുടുംബ

ശാക്തീകരണം, തുടർപരിചരണ സംവിധാനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന സമഗ്രമായ പുനരധിവാസ മാതൃക രൂപപ്പെടുത്തുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

മയക്കുമരുന്ന് ഉപയോഗത്തിനും അനധികൃത കടത്തിനും എതിരായ അവബോധം സൃഷ്ടിക്കുന്നതിനും, പൊതുസമൂഹത്തെ ഒന്നാകെ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനമായ ജൂൺ 26-ന് "മയങ്ങില്ല കേരളം" എന്ന പേരിൽ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്ര മയക്കുമരുന്ന് വിരുദ്ധ പദ്ധതി ആരംഭിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകൾ, സാമൂഹ്യ-സന്നദ്ധ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, വാർഡ്തല ജനജാഗ്രതാ സമിതികൾ, സാമൂഹ്യപ്രവർത്തകർ, ജനപ്രതിനിധികൾ, കുടുംബശ്രീ-ആശാപ്രവർത്തകർ, ക്ലബ്ബുകൾ എന്നിങ്ങനെ വിവിധ മേഖലകളിൽ നിന്നുള്ളവരുടെ സഹകരണ ത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ടി പദ്ധതിയുടെ ഭാഗമായി നിലവിലുള്ള വിമുക്തി പ്രവർത്തനങ്ങൾക്ക് പുറമെ കൂടുതൽ ശക്തമായ ലഹരിവിരുദ്ധ ക്യാമ്പയിനുകൾ സംഘടിപ്പിക്കും.

**(ബി)** യുവജനങ്ങൾക്കിടയിൽ ലഹരിവിരുദ്ധ ബോധവൽക്കരണം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** യുവജനങ്ങളെ ലഹരിയിൽ നിന്നും അകറ്റി നിർത്തുന്നതിന് വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ എക്സൈസ് വകുപ്പ് വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കരിയർ ഗൈഡൻസ് ക്ലാസുകൾ, പി.എസ്.സി പരീക്ഷാ പരിശീലനം, കായിക പരിശീലനം, ലൈബ്രറി സൗകര്യങ്ങൾ എന്നിവ ഇതിന്റെ ഭാഗമായി ലഭ്യമാക്കുന്നു. ജനമൈത്രി എക്സൈസ് സ്ക്വാഡിന്റെ നേതൃത്വത്തിൽ ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിലെ ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ശിൽപശാലകൾ, പി.എസ്.സി പരിശീലനം, രജിസ്ട്രേഷൻ ക്യാമ്പുകൾ, ക്വിസ് മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്.

ആദിവാസി-തീരദേശ മേഖലകളിലെ യുവാക്കൾക്കിടയിൽ ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനും ലഹരിയിൽ നിന്നുള്ള മോചനം ഉറപ്പാക്കുന്നതിനുമായി ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, വയനാട്, കൊല്ലം എന്നീ ജില്ലകളിൽ വിമുക്തി മിഷന്റെ നേതൃത്വത്തിൽ ഫിറ്റ്നസ് കേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ "ലഹരിക്കെതിരെ കായിക ലഹരി" എന്ന ആശയത്തിലൂന്നി ടർഫുകൾ കേന്ദ്രീകരിച്ചുള്ള കായിക പരിശീലനങ്ങളും മത്സരങ്ങളും സംഘടിപ്പിച്ച് യുവജനങ്ങളെ ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളാക്കുന്നു.

**(സി)** ലഹരിവേട്ടക്കായി സ്പെഷ്യൽ ടാസ്ക് ഫോഴ്സ് സ്ക്വാഡുകൾ നിലവിലുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്ത് ലഹരിമരുന്ന് കടത്തും വിപണനവും ഫലപ്രദമായി തടയുന്നതിന് State Narcotics Control Bureau (State NCB) രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ആന്റി നർക്കോട്ടിക്സ് സ്പെഷ്യൽ സ്ക്വാഡുകളും, ഇടുക്കിയിൽ അടിമാലി കേന്ദ്രീകരിച്ച് പ്രത്യേക നർക്കോട്ടിക് എൻഫോഴ്സ്മെന്റ് സ്ക്വാഡും പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ സംസ്ഥാനതല സ്ക്വാഡും, ജില്ലാതലങ്ങളിൽ സ്ട്രൈക്കിംഗ് ഫോഴ്സ് ടീമുകളും, ഹൈവേ പട്രോൾ ടീമുകളും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി നിലവിലുണ്ട്. വിവരശേഖരണവും അന്വേഷണവും കാര്യക്ഷമമാക്കുന്നതിനായി എല്ലാ ജില്ലകളിലും എക്സൈസ്

ഇന്റലിജൻസ് & ഇൻവെസ്റ്റിഗേഷൻ ബ്യൂറോ (EI&IB) യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ അതിർത്തികൾ വഴിയുള്ള ലഹരി കടത്ത് തടയുന്നതിനായി ചെക്ക് പോസ്റ്റുകളും ചെക്ക് പോസ്റ്റുകൾ ഇല്ലാത്ത തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളും (KEMU) രൂപീകരിച്ച് നിരന്തര നിരീക്ഷണവും പരിശോധനയും നടത്തിവരുന്നു. ഇന്റലിജൻസ് സംവിധാനങ്ങളെയും ഫീൽഡ് തലത്തിലുള്ള പരിശോധനാ സംഘങ്ങളെയും ഏകോപിപ്പിച്ച് കൊണ്ടുള്ള ഇത്തരം നടപടികൾ സംസ്ഥാനത്തെ ലഹരിവിരുദ്ധ പ്രവർത്തനങ്ങളെ കൂടുതൽ ശക്തമാക്കുന്നു.

**സെക്ഷൻ ഓഫീസർ**